പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1393 — 11.06.2019-ൽ മറുപടിക്ക്

ഭൂമി നികത്തുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, എം.ഉമ്മർ<br>,, പി.ഉബൈദുള്ള | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം കുന്നത്തുനാട് വില്ലേജിലെ സ്പീക്സ് പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന റിയൽ എസ്റ്റേറ്റ് കമ്പനിയുടെ പതിനഞ്ച് ഏക്കർ ഭൂമി നികത്തുന്നതിന് കളക്ടറുടെ ഉത്തരവ് റദ്ദാക്കി റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; | (എ) കുന്നത്ത് നാട്ടിൽ Speaks Properties Ltd എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിനും അനുമതി നൽകിക്കൊണ്ടും 31.01.2019-ലെ സ.ഉ(സാധാ) 337/19/റവ നം. ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 08.05.2019-ലെ സ.ഉ (സാധാ) 1090/19/റവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. |
| (ബി) നെൽവയൽ തണ്ണീർത്തട നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ ഈ ഭൂമി നിലമായിട്ടാണോ രേഖപ്പെടുത്തിയിരിക്കുന്നത്; | (ബി) അതെ |
| (സി) ഇക്കാര്യങ്ങളിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം നിരാകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കിയല്ല സർക്കാർ 31.01.2019-ലെ ഉത്തരവ് പുറപ്പെടുവിച്ചത്. |

**സെക്ഷൻ ഓഫീസർ**